I ഇ.ബി. XIV - കേരള നിയമസഭ /IV-11

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 10, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I ശ്രദ്ധക്ഷണിക്കൽ

<u>ജലക്ഷാമം</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : കേരള ഷോളയാർ, പെരിങ്ങൽക്കുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുറത്തുവിടുന്ന ജലം തുമ്പൂർമുഴി തടയണവഴി വലതുകര, ഇടതുകര കനാൽ ശൃംഖലകളിലൂടെ തിരിച്ചുവിട്ട് ജലവിതരണം നടത്തുന്ന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവർഷൻ സ്കീം. ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, അങ്കമാലി എന്നീ മണ്ഡലങ്ങളിലെ വിവിധ കുടിവെള്ള പദ്ധതികൾക്കും ശുദ്ധജല സ്രോതസ്സുകൾക്കും ഈ കനാലുകൾവഴിയുള്ള ജലവിതരണം അത്യന്താപേക്ഷിതമാണ്. കനാലുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള ഫണ്ട് വർദ്ധിപ്പിച്ച് പദ്ധതിയുടെ അടിസ്ഥാന സൗകര്യ സംരക്ഷണവും കാര്യക്ഷമതയും ഉറപ്പുവരുത്താനും ഇടമലയാർ ഇറിഗേഷൻ പ്രോജക്ടും ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിന്റെ ഇടതുകര കനാലുമായി ബന്ധിപ്പിക്കുന്ന ലിങ്ക് കനാലിന്റെ സ്ഥലമെടുപ്പും പൂർത്തീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കാഡ കനാലുകൾ പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കാനും കനാൽ പ്രദേശത്തെ അനധികൃത കയ്യേറ്റം തടയുന്നതിനാവശ്യമായ കനാൽ വാച്ചർമാരുടെ എണ്ണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കാനാവശ്യമായ ഇടപെടലുണ്ടാകണം. പെരിങ്ങൽക്കുത്തിൽനിന്നുള്ള കെ.എസ്.ഇ.ബി.-യുടെ പവർ ജനറേഷൻ ക്രമീകരിച്ച് ജലവിതരണത്തിന്റെ സ്റ്റെഡി ഫ്ളോ നിലനിർത്തുന്നതിനും തുമ്പൂർമുഴി റിവർ ഡൈവർഷൻ സ്കീമിന് മുകളിലായി സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിൽ ഉൾപ്പെട്ട തൃശ്ശൂർ, എറണാകുളം ജില്ലകളിലെ അങ്കമാലി, ചാലക്കുടി മുനിസിപ്പാലിറ്റികളിലും വിവിധ പഞ്ചായത്തുകളിലുമായി വരുന്ന കനാലുകളിൽ വൻതോതിൽ കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അവിടെ താമസിക്കുന്നവരുടെ പുനരധിവാസം പരിഗണിച്ചുമാത്രമേ കയ്യേറ്റം ഒഴിപ്പിക്കാൻ സാധിക്കുകയുള്ളൂ. പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാൻ കനാൽ വാച്ചർമാരുടെ തസ്തിക നികത്തുന്നതിനാവശ്യമായ നടപടി

സ്വീകരിക്കാവുന്നതാണ്. 2016-17 സാമ്പത്തിക വർഷം ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിനുവേണ്ടി വകയിരുത്തിയിരുന്ന തുക ഉപയോഗപ്പെടുത്തി കനാലുകളുടെ സാധ്യമായ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തുന്നുണ്ട്. നടപ്പ് ജലവർഷത്തിൽ പറമ്പിക്കുളം ആളിയാർ പദ്ധതി കരാർപ്രകാരം നൽകേണ്ട ജലം തമിഴ്നാട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ശക്തമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി മെച്ചപ്പെട്ട രീതിയിൽ വെള്ളം തരുന്ന സ്ഥിതിയുണ്ടായി. പി.എ.പി. കരാർ പ്രകാരം ലഭിച്ച ജലം കുടിവെള്ളത്തിന് മുൻഗണന നൽകി വിതരണം നടത്താനാണ് ശ്രമിച്ചിട്ടുള്ളത്. ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർക്കുന്ന പ്രത്യേക യോഗത്തിൽ ഇടമലയാർ കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

## II സബ്മിഷൻ

### (1) <u>കൈവശ ഭൂമിക്ക് പട്ടയം</u>

<u>ശ്രീ. ഒ. ആർ. കേളു</u> : മാനന്തവാടി താലൂക്ക് പരിധിയിൽ വരുന്ന വിവിധ

വില്ലേജുകളിൽ വർഷങ്ങളായി താമസിച്ച് കൃഷി ചെയ്യുന്നവരുടെ കൈവശഭൂമിക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മുമ്പ് ഭൂമി പതിച്ചു കിട്ടിയവർ കൈവശം വയ്ക്കുകയോ സ്ഥിരതാമസമാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ആ ഭൂമിയിൽ മറ്റുചിലർ വീടുവച്ച് താമസിക്കുന്ന സ്ഥിതിയുള്ളതിനാൽ നിലവിൽ താമസിക്കുന്നവർക്ക് കൊടുക്കണമെങ്കിൽ നേരത്തേ കൊടുത്ത പട്ടയം ക്യാൻസൽ ചെയ്യണം. മാനന്തവാടി നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് സമയബന്ധിതമായി പട്ടയം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. വയനാട് ജില്ലയിൽ മിച്ചഭൂമി പതിച്ച് കിട്ടിയവരും പട്ടാള ഉദ്യോഗസ്ഥർക്കുള്ള പദ്ധതിപ്രകാരം ഭൂമി അനുവദിച്ചു കിട്ടിയവരുമായ നിരവധി പേർ ഈ ഭൂമി യഥാസമയം കൈവശപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റു പലരും ആ ഭൂമി കൈവശപ്പെടുത്തി താമസമാക്കിയിട്ടുണ്ട്. വർഷങ്ങളായി ഇപ്രകാരം ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം അനുവദിക്കണമെന്ന ആവശ്യവും പരിശോധിച്ചുവരുന്നു. തിരുനെല്ലി വില്ലേജിലെ നരിക്കൽ പ്രദേശത്ത് ആദിവാസികൾക്കായി നൽകിയ 68.35 ഏക്കർ ഭൂമിയിൽ 33.49

ഏക്കർ ഭൂമി മറ്റ് വിഭാഗക്കാർ വർഷങ്ങളായി കൈവശം വച്ചിട്ടുള്ളതിന് നിയമപരമായി നടപടി സ്വീകരിക്കുന്നതാണ്.

(2) ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി താലൂക്കാശുപത്രിയുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പണം അനുവദിക്കുന്നതിനും ട്രോമാകെയർ - ഡയാലിസിസ് യൂണിറ്റുകൾ, കാരുണ്യ ഫാർമസി എന്നിവ അനുവദിക്കുന്നതിനും ഫിസിയോതെറാപ്പിസ്റ്റ്, ഇ.സി.ജി. ടെക്നീഷ്യൻ, മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 1961 മുതൽ പ്രവർത്തിച്ചുവരുന്ന കൊയിലാണ്ടി താലൂക്കാശുപത്രിയിൽ പ്രതിദിനം 1500 ഒ.പി.-യും 100 ഐ.പി.-യുമുണ്ട്. 159 കിടക്കകളും മെഡിസിൻ, സർജറി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഡെർമറ്റോളജി, ഇ.എൻ.ടി. എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളുമുള്ള ഈ ആശുപത്രിക്ക് പുതിയ കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളുടെ പ്രൊപ്പോസലും മോഡുലാർ ഓപ്പറേഷൻ തീയേറ്റർ

സജ്ജീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൽ സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 8 കിടക്കകളോടുകൂടിയ ഡയാലിസിസ് കേന്ദ്രം അനുവദിക്കുകയും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ട്രോമാകെയർ ഏർപ്പെടുത്തുന്നതിന് 5,35,00,000/- രൂപയുടെ പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 19 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും 24 മണിക്കൂറും കാഷ്വാൽറ്റി സംവിധാനത്തിനായി നാല് കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെയും തസ്തികകൾ നിലവിലുണ്ട്. ആർദ്രം പദ്ധതിയിലൂടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുവഴി ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കും. എല്ലാ താലൂക്കാശുപത്രികളുടെയും നവീകരണ പ്രൊപ്പോസലിൽ കൊയിലാണ്ടി താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

(3) സ്റ്റെന്റുകൾക്ക് അമിതവില ഈടാക്കൽ

ശ്രീ. പി. ടി. എ. റഹീം: ഹൃദ്രോഗ ചികിത്സയ്ക്കുപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് അമിത വില ഈടാക്കാനുള്ള നീക്കം തടയുന്നതിനും ഗുണമേന്മയുള്ള സ്റ്റെന്റുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും മെഡിക്കൽ

ഡിവൈസ് പാർക്കുകളുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സ്റ്റെന്റുകളുടെ വില നിയന്ത്രണം നിലവിൽ വന്നതോടുകൂടി ശസ്ത്രക്രിയകളുടെ ചാർജ് വർദ്ധിപ്പിക്കുന്നതിന് ചില ആശുപത്രികൾ നീക്കം നടത്തുന്നതായ മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടയുടൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധന കർശനമാക്കുകയും ചൂഷണത്തിൽനിന്നും രോഗികളെ രക്ഷിക്കാൻ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾവഴി സ്റ്റെന്റുകളും മറ്റ് ഓർത്തോപീഡിക് ഇംപ്ലാന്റുകളും വിതരണം ചെയ്യാനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ആരംഭിച്ചിട്ടുണ്ട്. 5 സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം, പാലക്കാട് ജനറൽ ആശുപത്രികളിലും ഒരു വർഷം നടത്തുന്ന ശസ്ത്രക്രിയകൾക്ക് വേണ്ടിവരുന്ന വിവിധയിനം കാർഡിയാക് സ്റ്റെന്റുകളുടെ എണ്ണം ശേഖരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക വിദഗ്ദ്ധരുടെ നിർദ്ദേശമനുസരിച്ച് കമ്പനികളിൽനിന്ന് നേരിട്ട് വാങ്ങി കമ്മ്യൂണിറ്റി ഫാർമസികൾ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. തദ്ദേശീയമായി നിർമ്മിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ എല്ലാ

സ്റ്റെന്റുകൾക്കും നിലവിലുള്ള വില നിയന്ത്രണം ബാധകമാണ്. കാർഡിയാക് സ്റ്റെന്റ്, ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റ് എന്നിവ നോട്ടിഫൈഡ് മെഡിക്കൽ ഡിവൈസ് കാറ്റഗറിയിൽ ഉൾപ്പെടുന്നതിനാൽ ഇവയുടെ നിർമ്മാണം കേന്ദ്ര-സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പുകളുടെ സംയുക്ത നിയന്ത്രണത്തിലാണ്. സ്റ്റെന്റ് നിർമ്മാണത്തിനുള്ള മാനദണ്ഡങ്ങൾ സംയുക്ത പരിശോധനയിലൂടെ ഉറപ്പുവരുത്തിയശേഷമാണ് ലൈസൻസ് അനുവദിക്കുന്നത്. മാനദണ്ഡങ്ങൾക്കനുസൃതമായി അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയ സ്റ്റെന്റുകളാണ് വിപണിയിലുള്ളത്. സംസ്ഥാനത്ത് കൊറോണറി സ്റ്റെന്റ് നിർമ്മാതാക്കൾ കുറവാണ്. സ്റ്റെന്റിന് വിലക്കുറഞ്ഞതിനാൽ ചികിത്സാ നിരക്ക് കൂട്ടാൻ ചില സ്വകാര്യ ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിലാണ് ആഞ്ചിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ചികിത്സാ നിരക്കുകൾ പരിശോധിക്കാൻ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി തീരുമാനിച്ചത്. സ്റ്റെന്റ് ഉപയോഗിച്ചുള്ള ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാന്റ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്, ഇംപോർട്ടറുടെ പേര് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്താൻ

നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റെന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ 2017 മാർച്ച് 1-ന് മുമ്പ് സമർപ്പിക്കാത്തപക്ഷം ഡി.പി.സി.ഒ. 2013 നിയമപ്രകാരം നടപടി സ്വീകരിക്കുമെന്ന് എൻ.പി.പി.എ. അറിയിച്ചിട്ടുണ്ട്. സ്റ്റെന്റിന്റെ വിലവിവരപ്പട്ടിക ഫാർമസ്യൂട്ടിക്കൽ മാനേജ്മെന്റ് സിസ്റ്റം മുഖേന ഓൺലൈനായി എൻ.പി.പി.എ.-യ്ക്ക് സമർപ്പിക്കണമെന്നും പകർപ്പ് സംസ്ഥാന ഔഷധ ഗുണനിലവാര നിയന്ത്രണ വകുപ്പിനും വിതരണക്കാർക്കും ചില്ലറ വില്പനക്കാർക്കും ഇടപാടുകാർക്കും നൽകണമെന്നും നിർദ്ദേശമുണ്ട്. ആദായകരമല്ലെന്ന കാരണത്താൽ പുതിയ സ്റ്റോക്കിന് ഓർഡർ നൽകാതിരിക്കുകയോ നിലവിലുള്ള സ്റ്റോക്കെടുക്കാൻ തയ്യാറാകാത്തതോ ആയ ആശുപത്രികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് എൻ.പി.പി.എ. നിർമ്മാതാക്കളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊറോണറി സ്റ്റെന്റിന്റെ വിലനിയന്ത്രണം പ്രാബല്യത്തിൽ വന്നതിനാൽ ഉല്പന്നങ്ങളുടെ സുഗമമായ വിതരണ ഉപഭോഗം ഉറപ്പുവരുത്തുന്നതിനും നിശ്ചയിച്ചുറപ്പിച്ച വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഡ്രഗ്സ് കൺട്രോൾ വിഭാഗം പരിശോധന കർശനമാക്കിയിട്ടുണ്ട്. വിലനിയന്ത്രണം മറികടന്ന് വില്പന നടത്തുന്നവർക്കെതിരെ അവശ്യവസ്തു നിയമം അനുസരിച്ച് നടപടിയെടുക്കുകയും

വിശദാംശങ്ങൾ ദേശീയ ഔഷധ വിലനിയന്ത്രണ അതോറിറ്റിയെ അറിയിക്കുകയും ചെയ്യുന്നതാണ്. സ്റ്റെന്റുകളുടെ വിലനിയന്ത്രണം സംബന്ധിച്ചുള്ള പരാതികൾ ഫാർമ ജൻ സമാധാൻ എന്ന ലിങ്കിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

## (4) സ്പോർട്സ് കോംപ്ലക്സ്

ശ്രീ. മുല്ലക്കര രത്നാകരൻ: കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള 20 ഏക്കർ സ്ഥലത്ത് പരിശീലനത്തിനും പഠനത്തിനും ഗവേഷണത്തിനുമായി സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ വനിതാ സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിനായി ചടയമംഗലത്ത് 20 ഏക്കർ ഭൂമി 2009-ൽ ഇട്ടിവ ഗ്രാമപഞ്ചായത്ത് 30 വർഷത്തെ പാട്ടത്തിന് അനുവദിച്ചിരുന്നുവെങ്കിലും അത് പ്രായോഗികമല്ലെന്ന് 'സായി' അറിയിക്കുകയും 04.02.2014-ൽ കായിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇവിടെ ഒരു മൾട്ടി സ്പോർട്സ് അക്കാഡമി സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യം

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം കത്തുമുഖേന അറിയിച്ചെങ്കിലും അടിസ്ഥാന സൗകര്യമുള്ള സ്ഥലത്തു മാത്രമേ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ കഴിയൂവെന്നാണ് 'സായി' മറുപടി നൽകിയത്. അവിടെ പ്രാഥമിക പരിശീലനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള സ്പോർട്സ് കോംപ്ലക്സ് അനുവദിക്കുന്ന കാര്യം പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## (5) ഇംഗ്ലീഷ് ഭാഷാവിഷയം

ശ്രീ. എം. സ്വരാജ്: കേരളത്തിലെ സ്കൂളുകളിൽ ഹൈസ്കൂൾ തലംവരെ ഇംഗ്ലീഷ് ഭാഷാ വിഷയമായി പരിഗണിക്കാനും എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയുടെ പി.എസ്.സി. ഡയറക്ട് നിയമനം 75 ശതമാനമായി ഉയർത്താനും സംരക്ഷിത അദ്ധ്യാപകരെ നിയമിച്ച സ്കൂളുകളിലെ ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും എല്ലാ ജില്ലകളിലും എച്ച്.എസ്.എ. റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കാനും എൽ.പി./യു.പി. ക്ലാസ്സുകളിൽ ഇംഗ്ലീഷ് അദ്ധ്യാപനത്തിന് ഇംഗ്ലീഷ് ബിരുദമുള്ളവരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2002-മുതൽ

എച്ച്. എസ്.എ. (ഇംഗ്ലീഷ്) കോർ സബ്ജക്ടായി അംഗീകരിച്ചതിനാൽ വളരെ വിശദമായ ചർച്ചകൾക്കും അഭിപ്രായ സമന്വയത്തിനും ശേഷമേ ഭാഷാ വിഷയമായി പരിഗണിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ഇംഗ്ലീഷ് എച്ച്.എസ്.എ.-മാരെ 30:20:20:20:10 എന്ന അനുപാതത്തിൽ യഥാക്രമം നേരിട്ടുള്ള നിയമനം, അന്തർ ജില്ലാ സ്ഥലംമാറ്റം, തസ്തികമാറ്റം, പി.ഡി. ടീച്ചർ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിങ്ങനെയാണ് നിയമിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ താല്ക്കാലികമായി എയ്ഡഡ് സ്കൂളിലെ സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിച്ചിട്ടുള്ളതുമൂലം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനോ പി.എസ്.സി. വഴി വരുന്നവർക്ക് നിയമനം നൽകുന്നതിനോ യാതൊരു തടസ്സവുമുണ്ടാകുന്നതല്ല. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് വിദ്യാഭ്യാസ ഓഫീസർമാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## III റിപ്പോർട്ട് സമർപ്പണം

2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബില്ലിനെ

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

## IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2016-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

ശ്രീ. ഡി. കെ. മുരളി: 2016-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി : പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളും റെസ്റ്റോറന്റുകളും വില്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ

വിലയിൽ വ്യത്യാസമുണ്ടാകുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ബില്ലിന്റെ ഉദ്ദേശ്യശുദ്ധി നല്ലതാണ്. എന്നാൽ ഭക്ഷണ പദാർത്ഥങ്ങളുടെ വിലയും ഗുണനിലവാരവും പരിശോധിച്ച് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡൈസേഷൻ ആക്ട് അനുസരിച്ച് നടപടി എടുക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിലവിലുള്ളതിനാൽ നിർദ്ദിഷ്ട ബിൽ പരിഗണിക്കേണ്ടതില്ല.

<u>ശ്രീ. ഡി. കെ. മുരളി:</u> എല്ലാവർക്കും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണെങ്കിലും ഗുണനിലവാരമുള്ള ഭക്ഷണം നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കാൻ യാതൊരു സംവിധാനവും ക്രമീകരണവും ഇപ്പോഴില്ല. വൃത്തിഹീനമായ അന്തരീക്ഷവും രോഗകാരണമായ ചേരുവകളും ജീവിതശൈലീരോഗങ്ങൾക്കും ക്യാൻസറിനുമൊക്കെ കാരണമാകുന്നു. ഭക്ഷണ പദാർത്ഥങ്ങളുടെ വില വർദ്ധനവിന് യാതൊരു നിയന്ത്രണവുമില്ല. ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തി വില നിയന്ത്രണം കൊണ്ടുവരണം. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡൈസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാനതല കമ്മിറ്റിക്ക് ഇക്കാര്യങ്ങളിൽ ഇടപെടുന്നതിന് സാധിക്കുന്നില്ല. അതുകൊണ്ട് ഓരോ സ്ഥലത്തും ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനും മോണിറ്റർ

ചെയ്യാനും തദ്ദേശഭരണ-ജില്ല-സംസ്ഥാനതലങ്ങളിൽ ജനപ്രതിനികളെക്കൂടി ഉൾപ്പെടുത്തി സമിതി രൂപീകരിക്കണം. കേന്ദ്ര നിയമം സെക്ഷൻ 94-ൽ സംസ്ഥാനങ്ങൾക്ക് ചട്ടം രൂപീകരിക്കുന്നതിനുള്ള പ്രൊവിഷനുണ്ട്. അതനുസരിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സംസ്ഥാനത്തെ ഹോട്ടലുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള നിയമം നടപ്പിലാക്കാൻ പൊതുവിതരണ വകുപ്പുദ്യോഗസ്ഥർ മാത്രമായും റവന്യൂ-ലീഗൽ മെട്രോളജി-നികുതി വകുപ്പുകളുമായി ചേർന്നും പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ - നിയമ വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ഇത്തരമൊരു ഗവൺമെന്റ് ബിൽ കൊണ്ടുവരുന്നതിന്റെ നിയമസാധുതയെപ്പറ്റി ആശങ്ക പ്രകടിപ്പിച്ചിരുന്നു. നിലവിലുള്ള നിയമ സംവിധാനത്തിനുള്ളിൽ നിന്നുകൊണ്ട് ഒരേ ഭക്ഷണ പദാർത്ഥങ്ങൾക്ക് സംസ്ഥാനത്ത് വ്യത്യസ്ത വില ഈടാക്കുന്ന റെസ്റ്റോറന്റുകൾക്കും ഹോട്ടലുടമകൾക്കുമെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതാണ്. സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ

ഈ ബിൽ പരിഗണിക്കേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(ii) 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ

ശ്രീ. പുരുഷൻ കടലുണ്ടി: 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. നിലവിൽ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമം, പുരോഗതി, സാമൂഹിക-സാമ്പത്തിക വളർച്ച, സംസ്കാരം, ഭാഷ എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി കിർത്താഡ്സിനുകീഴിൽ പ്രത്യേക വിംഗുകൾ പ്രവർത്തിക്കുന്നുണ്ട്. 2007-ലെ ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികജാതി

പട്ടികവർഗ്ഗ ഉന്നമനത്തിനായി രൂപീകരിച്ച കമ്മീഷൻ നിലവിലുള്ള സാഹചര്യത്തിൽ ഈ ബിൽ അംഗികരിക്കേണ്ടതില്ല.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> ഏറെ പാരമ്പര്യമുള്ള തനതുഭാഷയെ അഭിമാനപൂർവ്വം കൊണ്ടുനടക്കുന്നവരും മാതൃഭാഷാ സ്നേഹികളുമായ മലയോര മേഖലകളിലും വനാന്തരങ്ങളിലും താമസിക്കുന്ന ആദിവാസി ഗോത്രവിഭാഗക്കാരുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത്. നവ ലിബറൽ നയങ്ങളിലൂടെയുള്ള ദേശീയ വികസന ലക്ഷ്യങ്ങളുടെ ഫലമായി ഗോത്രവിഭാഗക്കാരുടെ സാമൂഹ്യ ക്ഷേമ വികസന പ്രവർത്തനങ്ങൾ തകിടംമറിക്കുകയും അടിസ്ഥാന വികസന പ്രശ്നങ്ങൾപോലും അവതാളത്തിലാക്കുകയും ചെയ്തിരിക്കുകയാണ്. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസവും ഫണ്ട് വിനിയോഗത്തിലുണ്ടാകുന്ന തിരിമറിയും തടയുന്നതിന് ഇത്തരമൊരു ബിൽ അനിവാര്യമാണ്. ഉദ്യോഗസ്ഥ കേന്ദ്രീകൃത കാഴ്ചപ്പാടുകളിൽ നിന്നും വ്യത്യസ്തമായി സാമൂഹ്യ ഭരണ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിന് ഭാഷാപരവും സാംസ്കാരികവുമായ പരിമിതികൾ മറികടക്കേണ്ടതാവശ്യമാണ്.

ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ വിഭിന്ന ദേശങ്ങളിൽ നിന്നും കുടിയേറ്റം ചെയ്യപ്പെട്ട തനതായ ഭാഷയ്ക്കും സംസ്കാരത്തിനുമുടമകളായ 36 - ഓളം പട്ടിക ഗോത്രവിഭാഗക്കാർ അധിവസിക്കുന്ന സംസ്ഥാനത്ത് ലിപിയോ അച്ചടിശേഖരമോ ഇല്ലെന്ന കാരണത്താൽ ആധുനിക സമൂഹത്തിൽ ഗോത്രവർഗ്ഗ ഭാഷകൾ പരിമിതപ്പെട്ടുപോകുന്നുണ്ട്. പട്ടിക ഗോത്രവർഗ്ഗക്കാരുടേതായ പഴമൊഴികൾ, കടങ്കഥകൾ, പാട്ടുകൾ, കഥകൾ, നാടകങ്ങൾ, ചികിത്സാ രീതികൾ, ആചാരങ്ങൾ എന്നിവ തലമുറകളായി കൈമാറിവരുന്ന അവർക്ക് തങ്ങളുടെ ഭാഷ കേവലം ആശയവിനിമയോപാധി മാത്രമല്ലെന്നും സ്വന്തം സംസ്കാരത്തിന്റെ അടയാളമാണെന്നുള്ള തിരിച്ചറിവുണ്ട്. ആദിവാസി ഭാഷയുടെമേൽ മലയാള ഭാഷ അടിച്ചേൽപ്പിക്കാതെ ആധുനിക ലോകത്തുനിന്നും അകന്നുകഴിയുന്ന പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരെ ഭാഷയും സംസ്കാരവും നിലനിർത്തിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയും അന്യംനിന്നുപോകുന്ന ഗോത്രവർഗ്ഗ ഭാഷകളുടെ ശേഖരണവും ഗവേഷണപഠനവും ആചാരാനുഷ്ഠാനങ്ങളും മാനവരാശിയുടെ ചരിത്രവുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യ വളർച്ചയ്ക്കും സുരക്ഷയ്ക്കുമുതകുന്ന തരത്തിൽ ഗോത്രവർഗ്ഗ കലകളും

ആചാരാനുഷ്ഠാനങ്ങളും ശേഖരിക്കുകയും രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യേണ്ടത് ചരിത്രനിർമ്മിതിക്ക് ആവശ്യമായതിനാലാണ് ഇത്തരമൊരു നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നത്.

(ചർച്ച തുടരും)

## (iii) 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

ശ്രീ. എ. പ്രദീപ്കുമാർ: 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയോട് യോജിക്കുന്നു. സംസ്ഥാനത്തെ കായികസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കായിക യുവജനക്ഷേമവകുപ്പ് ശക്തമായ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സ്പോർട്സ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കളിസ്ഥലങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് നിലവിലെ നിയമപ്രകാരം സാധിക്കുന്നില്ല. ഗ്രാമങ്ങൾപോലും നഗരവൽക്കരിക്കപ്പെടുന്ന സവിശേഷ സാഹചര്യത്തിൽ വ്യായാമത്തിനും കായികവിനോദത്തിനും ആവശ്യമായ കളിസ്ഥലങ്ങളുടെ അഭാവം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വ്യായാമമില്ലാത്ത ജനങ്ങൾ രോഗഗ്രസ്ഥമായ സമൂഹത്തെയാണ് സൃഷ്ടിക്കുന്നത്. സ്പോർട്സ് മേഖലയിൽ സംസ്ഥാനം വളരെ പുറകിലാണ്. ദേശീയതലത്തിൽ നല്ല കളിക്കാരെ വാർത്തെടുക്കുന്നതിന് നടപടിയുണ്ടാകണം. ജാതി-മത ചിന്തകൾക്കതീതമായി മനുഷ്യർ ഒത്തുചേരുന്ന ഇടങ്ങളാണ് കളിസ്ഥലങ്ങൾ. സ്കൂളുകളുടെയും റോഡുകളുടെയും വികസന പ്രവർത്തനങ്ങൾക്കായി കളിസ്ഥലങ്ങൾ നശിപ്പിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലേയും കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും നിയമനിർമ്മാണം നടത്തേണ്ടത് അത്യാവശ്യമാണ്.

കടലാസ് സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് സ്പോർട്സ് കൗൺസിലുകളിൽ അനധികൃതമായി പ്രവേശിക്കുന്നതിനും അധികാരം കവരുന്നതിനുമുള്ള ശ്രമങ്ങൾ തടയപ്പെടേണ്ടതാണ്. കോഴിക്കോട് ജില്ലയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. സ്പോർട്സ് സ്കൂളുകൾക്ക് ഗവൺമെന്റ് നൽകുന്ന ഗ്രാന്റ് ശരിയായ രീതിയിലാണോ വിനിയോഗിക്കുന്നതെന്ന് പരിശോധിക്കണം. ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയമെങ്കിലും ഉണ്ടാകണമെന്നത് ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ വരേണ്ട വിഷയമാണ്. സർക്കാർ സെക്ടറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണം. കായിക വിനോദ ശാഖയുമായി ബന്ധമില്ലാത്തവർ അസോസിയേഷന്റെ ഭാരവാഹികളായി വരുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. കേരള നിയമസഭയിൽ ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്നത് ഖേദകരമാണ്. ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് സ്പോർട്സ് സാധ്യതകളെക്കുറിച്ച് ഗവേഷണം നടത്തുന്ന സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനും കോഴിക്കോടുള്ള

സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനും നടപടിയുണ്ടാകണം. സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കുന്നതിനും സ്പോർട്സ് നയം രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കടലാസ് സംഘടനകളെയും ലാഭേച്ഛയോടെ കായികരംഗത്ത് പ്രവർത്തിക്കുന്നവരെയും ഒഴിവാക്കണം. നിലവിലുള്ള കളിക്കളങ്ങൾ സംരക്ഷിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും സഹായകരമാകുന്ന നിയമമാണിത്. ഒരു കായികസംഘടനയുടെ ഭാരവാഹി കായികതാരമാകണമെന്നില്ലെങ്കിലും സത്യസന്ധതയും സുതാര്യതയും പുലർത്താൻ കഴിയുന്നവരാകണം.

(ചർച്ച തുടരും)

(3) **താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച**

(i) <u>2016-ലെ കേരളത്തിലെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക, അനധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബിൽ</u>

(തുടർ ചർച്ച)

(നോട്ടീസ് നൽകിയ ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. സീറ്റിൽ

ഇല്ലാത്തതിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല.)

(ii) 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ

(തുടർ ചർച്ച)

ശ്രീ. ആർ. രാജേഷ്: ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെട്ടതിന്റെ ഫലമായി കേരളം കടുത്ത ശുദ്ധജലക്ഷാമം നേരിടുകയാണ്. ജലദൗർലഭ്യം പരിഹരിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൃത്രിമ മഴ പെയ്യിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. വൻകിട കോർപ്പറേറ്റുകൾ നടത്തുന്ന ജലചൂഷണം തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുകയും കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് പഠനം നടത്തുകയും വേണം. ജലസംരക്ഷണത്തിന് കിണർ റീച്ചാർജിംഗ് ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മഴവെള്ളം ഭൂമിയിലേയ്ക്കിറങ്ങാൻ അനുവദിക്കാതെ ഒഴുക്കിവിടുന്ന സ്ഥിതിവിശേഷം തടയുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കണം. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നതും മണ്ണൊലിപ്പും തെർമൽ

പൊല്യൂഷനും അമിതമായ കീടനാശിനികളുടെ ഉപയോഗവും വർദ്ധിച്ചുവരുന്ന നഗരവത്കരണവുമെല്ലാം ശുദ്ധജലം മലിനമാകുന്നതിന് കാരണമാകുന്നുണ്ട്. ജലമലിനീകരണം തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കൂട്ടായ പ്രയത്നം നടത്തുന്നതിനൊപ്പം പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടതും അത്യാവശ്യമാണ്. ജല സംരക്ഷണം ഓരോ പൗരന്റെയും ഉത്തരവാദിത്വമാക്കി മാറ്റേണ്ടതാണ്.

(ചർച്ച തുടരും)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കാലവർഷത്തിലുണ്ടായ കുറവുമൂലം ശുദ്ധജലത്തിന് ദൗർലഭ്യം നേരിടുകയാണ്. ഗവർണറുടെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും ശുദ്ധജല സംരക്ഷണത്തിന് ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. വനനശീകരണവും കുന്നുകളും മലകളും നശിച്ചതും നീർത്തടങ്ങളും നെൽവയലുകളും നികത്തിയതുമെല്ലാം വരൾച്ചയ്ക്കും ശുദ്ധജല ദൗർലഭ്യത്തിനും ഇടയാക്കിയിട്ടുണ്ട്. നദികളിൽ ജല ലഭ്യത ഉറപ്പാക്കണമെന്ന ആശയം ഉൾക്കൊള്ളുന്ന ഹരിതകേരളം പദ്ധതി പൊതുസമൂഹം ഒന്നടങ്കം ഏറ്റെടുക്കേണ്ടതാണ്. റഗുലേറ്ററുകളും ചെക്ക് ഡാമുകളും പണിയുന്നതിനായി

ബഡ്ജറ്റിൽ 600 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിലെ സാഹചര്യങ്ങൾ മനസ്സിലാക്കി ശുദ്ധജലത്തിന്റെ അമിതോപയോഗം പരമാവധി കുറയ്ക്കാൻ ജനങ്ങൾ ശ്രമിക്കേണ്ടതാണ്. ജല സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ലോക ജലദിനമായ മാർച്ച് 22-ന് വിപുലമായ പരിപാടികളും ക്യാമ്പെയിനും സംഘടിപ്പിക്കാൻ ജല വിഭവവകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മഴവെള്ളം ഒഴുക്കിവിടാതെ ഭൂമിയിലേയ്ക്ക് താഴ്ന്ന് ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. തോടുകളിലും നദികളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് ജലം മലിനപ്പെടുന്നതിനുള്ള പ്രധാന കാരണമാണ്. ഉപയോഗത്തിനുശേഷം വലിച്ചെറിയുന്ന കുപ്പിവെള്ളത്തിന്റേ ബോട്ടിലുകൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാനാകുമോയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ജലസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ഹരിതകേരളം പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ജലസേചനവും ജലസംരക്ഷണവും ആക്ടിൽ ജലസ്രോതസ്സുകൾ മലിനമാക്കുന്നവരെ ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. ജലമോഷണം തടയുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലസേചനവും ജലസംരക്ഷണവും ആക്ടിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ പ്രത്യേക പ്രമേയം കൊണ്ടുവരേണ്ട ആവശ്യമില്ല.

(iii) 2016- ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടു ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

ശ്രീ. എം. സ്വരാജ്: പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം തെറ്റായ ദിശയിലേയ്ക്ക് പോകുന്ന ഒരു കാലമാണിത്. ഭൂമി മനുഷ്യനുമാത്രമല്ല എല്ലാ സസ്യജന്തുജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്ന സാമൂഹികാവബോധം ഉണ്ടാകേണ്ടതുണ്ട്. പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. പ്രകൃതി സൗഹാർദ്ദമായ നിർമ്മാണ രീതികൾ അവലംബിച്ചുകൊണ്ടും വനം കയ്യേറ്റങ്ങൾ ഒഴിവാക്കിക്കൊണ്ടും പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾ നിർത്തലാക്കിക്കൊണ്ടും പ്രകൃതിയെ സംരക്ഷിക്കണം. വന്യമൃഗങ്ങൾ വനത്തിനുള്ളിൽത്തന്നെ വസിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണം. കാടുകളിലും പക്ഷി-മൃഗ സങ്കേതങ്ങളോടും ചേർന്നുള്ള പ്രകൃതിവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്ന് ആവശ്യപ്പെടുന്ന ബില്ലാണിത്. സ്വന്തം വാസസ്ഥലം നഷ്ടപ്പെടുമ്പോൾ മൃഗങ്ങൾ

നാട്ടിലേക്കിറങ്ങുമെന്ന വസ്തുത ഗൗരവമായി കാണണം. പാരിസ്ഥിതിക പ്രത്യാഘാതം സംബന്ധിച്ച പരിശോധനകളും പഠനങ്ങളും നടത്തേണ്ടത് അനിവാര്യമാണ്. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പക്ഷി-മൃഗ സങ്കേതങ്ങൾ അതുപോലെതന്നെ നിലനിർത്തണം. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ നിയന്ത്രണങ്ങൾക്കുവിധേയമായും ഭാവിയിൽ പക്ഷികളുടെ വരവ് തടസ്സപ്പെടാതിരിക്കുമെന്ന് ഉറപ്പുവരുത്തിക്കൊണ്ടും പരിസ്ഥിതി സൗഹൃദമായും പക്ഷി-മൃഗാദികളുടെ സ്വൈര്യവിഹാരത്തിന് തടസ്സമില്ലാത്ത വിധത്തിലുമായിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.29-ന് പിരിഞ്ഞു.